# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2309** — 18.06.2014-ൽ മറുപടിക്ക്

**അമ്മയും കുഞ്ഞും പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>,, ഐ. സി. ബാലകൃഷ്ണൻ :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, കെ. ശിവദാസൻ നായർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കുന്നതിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) ഭാരത സർക്കാർ അമ്മയുടേയും കുഞ്ഞിന്റേയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രമം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും 30 ദിവസം വരെയുള്ള നവജാത ശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യമായി രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) സംസ്ഥാന ആരോഗ്യ വകുപ്പും, ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) 2014-15 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞ പദ്ധതിയുടെ നടത്തിപ്പിനായി 28.19 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ